## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1733 04.10.2016-ൽ മറുപടിയ്ക്ക്**

## ആറ്റിങ്ങലിൽ 33 കെ.വി. സബ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ:** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങലിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) ആറ്റിങ്ങലിൽ കച്ചേരി എന്ന സ്ഥലത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിയ്ക്കുന്നതിനുള്ള ഭരണാനുമതി ആയിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. 31.03.2017-ൽ നിർമ്മാണം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും മേൽ നോട്ടം നിർവ്വഹിക്കുന്ന ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ? | (ബി) ഇതിനായി 6.6 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. R-APDRP സ്കീമിൽ ഉൾപ്പെടുത്തിയാണ് ഈ സബ്സ്റ്റേഷൻ നിർമ്മാണം നടത്തുന്നത്. ടെണ്ടർ നടപടികൾ അവസാനിക്കുമ്പോൾ മാത്രമേ കരാറുകാരെ തീരുമാനിയ്ക്കാൻ കഴിയുകയുള്ളൂ. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലിമിറ്റഡിന്റെ മേൽനോട്ടത്തിലാണ് വർക്ക് ചെയ്യുന്നത്. |

Hemalatha

**സെക്ഷൻ ഓഫീസർ**